ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള രജിസ്ട്രേഷൻ വകുപ്പിൽ "ഓപ്പറേഷൻ രാഗിണി" എന്ന പേരിൽ വിജിലൻസ് റെയ്ഡ് നടത്തിയിട്ടുണ്ട്. 30 ഓഫീസുകളിൽ ഒരേ ദിവസമാണ് (20-11-2002) റെയ്ഡ് നടത്തിയത്. എക്സൈസ് വകുപ്പിന്റെ വിവിധ ഓഫീസുകളിലായി ഈ കാലയളവിൽ 16 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി 12-8-2002, 13-8-2002 എന്നീ തീയതികളിൽ ബംഗാര മഞ്ചേശ്വരം, ഗോപാലപുരം, വാളയാർ, ആര്യങ്കാവ്, അമരവിള എന്നീ സെയിൽ ടാക്സ് ചെക്ക്പോസ്റ്റുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തുകയുണ്ടായി. തുടർന്ന് 1-6-2004-ൽ സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി മഞ്ചേശ്വരം, കൂട്ടുപുഴ, മുത്തങ്ങ, നടുപുണ്ണി, കുമളി, ആര്യങ്കാവ്, അമരവിള എന്നീ ചെക്ക്പോസ്റ്റുകളിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തുകയുണ്ടായി.

(ബി) ഇതു സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടില്ല.

എക്സിക്യൂട്ടീവ് ഉത്തരവിലൂടെ നൽകിയ പ്രമോഷൻ

30 [1162] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വകുപ്പുകളിൽ വിജിലൻസ് കേസിൽ ശിക്ഷിക്കപ്പെട്ട എത്ര ഉദ്യോഗസ്ഥർക്ക് 2003-2004 വർഷങ്ങളിൽ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ പ്രമോഷൻ നൽകിയിട്ടുണ്ട്;

(ബി) എക്സിക്യൂട്ടീവ് ഉത്തരവിലൂടെ പ്രൊമോഷൻ നൽകുമ്പോൾ ഡി.പി.സി. പരിഗണിച്ചാൽ പ്രൊമോഷൻ കിട്ടാൻ അർഹതയില്ലാത്ത വിധം ശിക്ഷാ നടപടികൾക്ക് വിധേയരായിട്ടുള്ളവരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ട്രഷറി, നാഷണൽ സേവിംഗ്സ്, ലോക്കൽ ഫണ്ട് ഓഡിറ്റ്, ഇൻഷ്വറൻസ് വകുപ്പുകളിൽ 2003-2004 വർഷങ്ങളിൽ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ആർക്കും പ്രമോഷൻ നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly